# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 306 — 25-06-2012-ന് മറുപടി നൽകേണ്ടത്

## മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള നിവേദക സംഘം കേന്ദ്ര സർക്കാരിന് സമർപ്പിച്ചതും അനുമതി ലഭിച്ചതുമായ പദ്ധതികൾ

**ചോദ്യം** — **ഉത്തരം**

ശ്രീ. റോഷി അഗസ്റ്റിൻ

" പി.സി. ജോർജ്

ഡോ. എൻ. ജയരാജ്

ശ്രീ. എം.വി. ശ്രേയാംസ് കുമാർ

ശ്രീ. ഉമ്മൻചാണ്ടി

(മുഖ്യമന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള നിവേദക സംഘം കേന്ദ്രസർക്കാരിന് സമർപ്പിച്ചതും അനുമതി ലഭിച്ചതുമായ പദ്ധതികളുടെ നടത്തിപ്പിന് മുൻഗണനാക്രമം നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഇല്ല |
| (ബി) | കേന്ദ്രം അംഗീകരിച്ച പദ്ധതികളിന്മേൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാൻ സാധിച്ചത് ഏതൊക്കെയാണെന്ന് വിശദമാക്കുമോ? | (ബി) | കേന്ദ്ര സർക്കാർ അനുവദിച്ച പല പദ്ധതികളുടെയും പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. കൊച്ചി-മെട്രോ റയിലിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പാലങ്ങളുടെ പണിതുടങ്ങുകയും, കണ്ണൂർ വിമാനത്താവളം, വിഴിഞ്ഞം തുറമുഖ പദ്ധതി, തിരുവനന്തപുരം ലൈഫ് സയൻസ് പാർക്ക്, കാസർഗോഡ് ചീമേനി 1200 മെഗാവാട്ട് ശേഷിയുള്ള ഗ്യാസ് ബേസ്ഡ് പവർ പ്ലാന്റ് തുടങ്ങിയ പദ്ധതികളുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലമെടുപ്പ് ആരംഭിക്കുകയും, KSIDC, GAIL ലുമായി ചേർന്ന് ഒരു Joint Venture Contract (JVC) പ്രകാരം, 'Kerala GAIL Gas Limited' കമ്പനി ഉണ്ടാക്കുകയും, ഗ്യാസ് പൈപ്പ് ലൈൻവഴി വിതരണം ചെയ്യുന്നതിനാവശ്യമായ Pipe laying ജോലികൾ ആരംഭിക്കുകയും ചെയ്തു. കേന്ദ്രം അംഗീകരിച്ച പദ്ധതികളിൽ പ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ചവയിൽ പ്രധാനപ്പെട്ടവയാണ് ഇവ. |

സെക്ഷൻ ഓഫീസർ